# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം :420** **09.02.2016 ൽ മറുപടിയ്ക്ക്**

## സൗരോർജ്ജ പദ്ധതി

**ചോദ്യം**

ശ്രീ.സി.കൃഷ്ണൻ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സോളാർ എനർജി വഴി എത്ര വൈദ്യുതി ഉൽപ്പാദിപ്പിച്ചിട്ടുണ്ടെന്നും ഇതിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും പദ്ധതി അടിസ്ഥാനത്തിൽ വിശദമാക്കാമോ?

**ഉത്തരം**

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പ് മന്ത്രി)

(എ) അനെർട്ട് മുഖേന ഇതുവരെ 8.61 മെഗാവാട്ട് ശേഷിയുള്ള സൗരഗൃഹ റൂഫ് ടോപ്പ് സോളാർ പവർ പ്ലാന്റുകൾ കമ്മീഷൻ ചെയ്തു കഴിഞ്ഞു. ഒരു കിലോവാട്ട് പ്ലാന്റിൽ നിന്നും ഒരു ദിവസം 3.5 യൂണിറ്റ് വൈദ്യുതി ഉത്പാദിപ്പിക്കുന്നു എന്നു കണക്കാക്കിയാൽ മേൽപ്പറഞ്ഞ സോളാർ പ്ലാന്റുകളിൽ നിന്നും പ്രതിദിനം ആകെ 30,135 യൂണിറ്റ് വൈദ്യുതി ഉത്പാദനം നടക്കുന്നുണ്ട്. മേൽപ്പറഞ്ഞ പ്ലാന്റുകൾക്കായി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സബ്സിഡി ഇനത്തിൽ 60.7263 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് പൂർത്തീകരിച്ച സോളാർ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

- പാലക്കാട് കഞ്ചിക്കോട് സ്ഥാപിച്ച 1 MW ഗ്രിഡ് ബന്ധിത സോളാർ പദ്ധതി – 6.99 കോടി
- ചാലയൂർ ആദിവാസി കോളനിയിലെ വീടുകളുടെ മേൽക്കൂരയിൽ സ്ഥാപിച്ച 96 KW ന്റെ സോളാർ പദ്ധതി – 1.09 കോടി
- പൊരിങ്ങൽകുത്ത് പവർ ഹൗസിന്റെ മേൽക്കൂരയിൽ സ്ഥാപിച്ച 50 KW ന്റെ സോളാർ പദ്ധതി – 43.75 ലക്ഷം
- പടിഞ്ഞാറെത്തറ റിസർവോയറിൽ സ്ഥാപിച്ച 10 KW ന്റെ ഫ്ലോട്ടിംഗ് സോളാർ പദ്ധതി – 14.5 ലക്ഷം

സെക്ഷൻ ഓഫീസർ